കാസർഗോഡ്	1
രാജപുരം	1
റീജിയണൽ ഓഫീസ്	
കോഴിക്കോട്	2
വെറ്റിലപ്പാറ	3
മണ്ണാർക്കാട്	1
ആലക്കോട്	1
തണ്ണിത്തോട്	1
ആകെ	45

(ബി) 10 ലോറികളും 8 ട്രാക്ടറുകളും 3 ബസ്സുകളും 3 ആംബുലൻസുകളും 6 കാറുകളും 12 ജീപ്പുകളും ആണ് ഇവർ ഓടിക്കുന്നത്.

(സി) ഉണ്ട്.

(ഡി) കോർപ്പറേഷനിലെ വെഹിക്കിൾ ഹെൽപ്പർമാരിൽ നിന്നും യോഗ്യതയുള്ളവരെ ഡ്രൈവർമാരുടെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയോഗിച്ചിരിക്കുകയാണ്.

152 (1864) പ്ലാന്റേഷൻ കോർപ്പറേഷനിലെ ഡ്രൈവർ നിയമനം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്ചേഞ്ചിൽ നിന്നല്ലാതെയോ പി.എസ്.സി മുഖാന്തിരമല്ലാതെയോ 1.4.96 നു ശേഷം ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു മാനദണ്ഡപ്രകാരമാണ് ഇവരെ നിയമിച്ചത്; ഇവരുടെ പ്രതിമാസ ശമ്പളമെത്രയാണ്; ഇതുവരെ എത്ര രൂപ ടിഎ/ഡിഎ ഇനത്തിൽ ഇവർക്ക് നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) & (ബി) ഇല്ല. എന്നാൽ കോർപ്പറേഷൻ ചെയർമാൻ അദ്ദേഹത്തിന്റെ ഓഫീസ് കാറിനുവേണ്ടി പുറമേനിന്ന് ദിവസം 80 രൂപ നിരക്കിൽ ഒരു ഡ്രൈവറെ നിയോഗിച്ചിട്ടുണ്ട്. ഈയിനത്തിൽ 31.3.99 വരെ ചെയർമാന് 57,520 രൂപ റീ-ഇംപേഴ്സ്മെന്റ് നൽകിയിട്ടുണ്ട്. ടിഎ/ഡിഎ ഇനത്തിൽ ഒന്നും തന്നെ നൽകിയിട്ടില്ല.

153 (1885) പ്ലാന്റേഷൻ കോർപ്പറേഷന്റെ വാഹനങ്ങളുടെ അറ്റകുറ്റപ്പണി ചെലവുകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.1996 മുതൽ 31.12.1998 വരെ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഓരോ വാഹനത്തിനും പ്രതിമാസം അറ്റകുറ്റപ്പണി ചെലവുകൾ എത്ര വീതമാണ്;

(ബി) ഓരോ വാഹനവും ഏതൊക്കെ വർക്ക്ഷോപ്പുകളിലാണ് അറ്റകുറ്റപ്പണി നടത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർക്ക്ഷോപ്പിലും ഇതിനായി നൽകിയ തുക എത്രവീതമാണ്?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

154(1886) പ്ലാന്റേഷൻ കോർപ്പറേഷൻ വാഹനങ്ങളുടെ റിപ്പയറിംഗ്

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃതമല്ലാത്ത വർക്കുഷോപ്പുകളിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷൻ വാഹനങ്ങൾ പണിയിക്കുകയും അതിനുശേഷം വർക്ക്ഷോപ്പ് കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്ത നടപടി ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വാഹനങ്ങൾ അപ്രകാരം പണിയിച്ചു.

(സി) എന്നാണ് പ്രസ്തുത വർക്ക്ഷോപ്പ് കോർപ്പറേഷൻ അംഗീകരിച്ചത്; ഇത് സർക്കാർ അംഗീകരിച്ച വർക്ക്ഷോപ്പ് ആണോ;

(ഡി) ഓരോ വാഹനത്തിനും പ്രതിമാസം റിപ്പയറിംഗ് ചാർജ്ജ് ഇനത്തിൽ മേൽപ്പറഞ്ഞ വർക്ക്ഷോപ്പുകളിൽ എത്ര രൂപ വീതം ചെലവാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

155 (1887) പ്ലാന്റേഷൻ കോർപ്പറേഷനിലെ വർക്ക്ഷോപ്പുകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ എത്ര മോട്ടോർ മെക്കാനിക്കുകളും എത്ര വർക്ക്ഷോപ്പുകളും ഉണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അവിടെ എത്ര വാഹനങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി;

(സി) എത്ര തുകയുടെ സ്പെയർപാർട്സുകൾ ഉപയോഗിച്ചു?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ രണ്ട് മോട്ടോർ വർക്ക്ഷോപ്പുകളും ഒരു മെക്കാനിക്കും ഉണ്ട്.

(ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

156 (1888) പ്ലാന്റേഷൻ കോർപ്പറേഷൻ അറ്റകുറ്റപ്പണി നടത്തുന്ന വർക്കുഷോപ്പുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly